# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4293** 25.06.2018-ൽ മറുപടിയ്ക്ക്

**ചാരായനിരോധനത്തെ തുടർന്ന് തൊഴിൽ രഹിതരായവർ**

| ചോദ്യം<br>ശ്രീ.വി.ആർ.സുനിൽ കുമാർ | ഉത്തരം<br>ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
|---|---|
| (എ) 1996-ൽ ചാരായനിരോധനം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; | എ) 20.12.1995 ലെ ജി.ഒ.(എം.എസ്) നം.285/95/നി.വ ഉത്തരവ് പ്രകാരം ചാരായ നിരോധനം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതേ തുടർന്ന് തൊഴിൽ രഹിതരായവർക്ക് പകരം തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തിരുന്നോ;<br><br>(സി) ഇപ്രകാരം തൊഴിൽ നഷ്ടമാകുകയും 1996 ഏപ്രിലിൽ മരണമടയുകയും ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്നതിന് തീരുമാനിച്ചിരുന്നോ; | ബി) യും സി) യും 1996 ലെ ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആൺമക്കൾക്ക് ബിവറേജസ് കോർപ്പറേഷനിലെ ഭാവിയിൽ വരുന്ന 25% ഒഴിവുകളിലേയ്ക്ക് ദിവസവേതന തസ്തികയിൽ ജോലി നൽകാനായി സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി) നം567/2004/നി.വ തീയതി 07.08.2004 പ്രകാരം ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. ആ ഒറ്റ തവണ തൊഴിൽ പദ്ധതി പ്രകാരം, ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതരായ 266 പേർക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ഡി) 2018 ഫെബ്രുവരിയിൽ ഇത് സംബന്ധിച്ച് WP(C)1110/2018 നമ്പരായി ഹൈക്കോടതി വിധി പ്രസ്താവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിധി പ്രകാരം വകുപ്പിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | ഡി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരും, കെ.എസ്.ബി.സിയും ഫയൽ ചെയ്ത എസ്.എൽ.പി ബഹു.സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചിട്ടുളള വിവരം ബഹു.കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) വിധിയുടെ അടിസ്ഥാനത്തിൽ, 1996 ഏപ്രിലിൽ മരണമടഞ്ഞ ഷാപ്പ് തൊഴിലാളിയായ പള്ളിക്കുനി, ഒളവിലം (പോസ്റ്റ്) കച്ചേരി പറമ്പത്ത് വീട്ടിൽ K.P.ഗോവിന്ദന്റെ മകൻ വിനിലേഷിന് തൊഴിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഇ) ചാരായ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് യതൊരു പദ്ധതികളും ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ